# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

## വിജ്ഞാപനം

നമ്പർ: 151/2015/സം.തി.ക. തീയതി, തിരുവനന്തപുരം, 2015 ഒക്ടോബർ 07

കേരള സർക്കാർ 2015 ഒക്ടോബർ 07 -ാം തീയതിയിലെ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ജി.ഒ.(പി) 316/2015/ത.സ്വ.ഭ.വ നമ്പർ വിജ്ഞാപനം മൂലം തിരുവനന്തപുരം, കൊല്ലം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിൽ **2015 നവംബർ 2-ാം** തീയതിയും, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ഏഴ് ജില്ലകളിൽ **2015 നവംബർ 5-ാം** തീയതിയും സംസ്ഥാനത്തെ എല്ലാ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിലേയ്ക്കും ഓരോ അംഗത്തെ തിരഞ്ഞെടുക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളതിനാലും, ഇപ്പോൾ, അതിനാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994-ലെ 13-ാം ആക്ട്) 49-ാം വകുപ്പ് അനുസരിച്ച് സംസ്ഥാനത്തെ എല്ലാ ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്ത് നിയോജക മണ്ഡലങ്ങളിലേയ്ക്കും പ്രസ്തുത തിരഞ്ഞെടുപ്പ് സംബന്ധിച്ച്;

(എ) **2015 ഒക്ടോബർ 14 (ബുധൻ)** നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായും;

(ബി) **2015 ഒക്ടോബർ 15 (വ്യാഴം)** നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന നടത്തുന്നതിനുള്ള തീയതിയായും;

(സി) **2015 ഒക്ടോബർ 17 (ശനി)** സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതിയായും;

(ഡി) തിരുവനന്തപുരം, കൊല്ലം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ തിരഞ്ഞെടുപ്പ് നടക്കുന്ന നിയോജകമണ്ഡലങ്ങളിൽ **2015 നവംബർ 02-ാം തീയതി തിങ്കളാഴ്ചയും** പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലെ തിരഞ്ഞെടുപ്പ് നടക്കുന്ന നിയോജകമണ്ഡലങ്ങളിൽ **2015 നവംബർ 05-ാം തീയതി വ്യാഴാഴ്ചയും** ആവശ്യമായി വരുന്ന പക്ഷം വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയായും;

(ഇ) **2015 നവംബർ 17-ാം തീയതി (ചൊവ്വ)** തിരഞ്ഞെടുപ്പ് പൂർത്തിയാക്കേണ്ട അവസാന തീയതിയായും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ നിശ്ചയിക്കുന്നു.

**ഒപ്പ്**
**കെ. ശശിധരൻ നായർ**
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

## വിജ്ഞാപനം

നമ്പർ: 152/2015/സം.തി.ക. തീയതി, തിരുവനന്തപുരം, 2015 ഒക്ടോബർ 07

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം (1994-ലെ 13-ാം നിയമം) 70-ാം വകുപ്പനുസരിച്ച്, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2015 ഒക്ടോബർ 07-ാം തീയതിയിലെ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 151/2015/സം.തി.ക നമ്പർ വിജ്ഞാപനമനുസരിച്ച് സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലേക്കും, ബ്ലോക്ക് പഞ്ചായത്തുകളിലേക്കും ജില്ലാ പഞ്ചായത്തുകളിലേക്കും നടത്തേണ്ട തിരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് ആവശ്യമുള്ളപക്ഷം അത് നടത്തുന്നതിനുള്ള സമയം രാവിലെ 7 മണി മുതൽ വൈകുന്നേരം 5 മണിവരെയായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ നിശ്ചയിക്കുന്നു.

ഒപ്പ്
കെ. ശശിധരൻ നായർ
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33

കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം 695 033, ഫോൺ – 2325048, 2337884
Fax : 0471-2338288, email : electionker@gmail.com, Website : www.sec.kerala.gov.in

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**


## വിജ്ഞാപനം

നമ്പർ: 153/2015/സം.തി.ക. തീയതി, തിരുവനന്തപുരം, 2015 ഒക്ടോബർ 07

കേരള സർക്കാർ 2015 ഒക്ടോബർ 07-ാം തീയതിയിലെ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ജി.ഒ.(പി) 317/2015/ത.സ്വ.ഭ.വ നമ്പർ വിജ്ഞാപനം മൂലം മട്ടന്നൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളിലേക്കും മുനിസിപ്പൽ കോർപ്പറേഷനുകളിലേക്കും കൗൺസിലർമാരെ തിരഞ്ഞെടുക്കു ന്നതിന് ആവശ്യപ്പെട്ടിട്ടുള്ളതിനാലും, ഇപ്പോൾ, അതിനാൽ, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം (1994-ലെ 20-ാം നിയമം) 105-ാം വകുപ്പനുസരിച്ച് സംസ്ഥാനത്ത് മട്ടന്നൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള മറ്റെല്ലാ മുനിസിപ്പാലിറ്റികളിലേക്കും മുനിസിപ്പൽ കോർപ്പറേഷനുകളിലേക്കും, പ്രസ്തുത തിരഞ്ഞെടുപ്പ് സംബന്ധിച്ച് ;

(എ) **2015 ഒക്ടോബർ 14 (ബുധൻ)** നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായും;

(ബി) **2015 ഒക്ടോബർ 15 (വ്യാഴം)** നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന നടത്തുന്നതിനുള്ള തീയതിയായും;

(സി) **2015 ഒക്ടോബർ 17 (ശനി)** സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതിയായും;

(ഡി) തിരുവനന്തപുരം, കൊല്ലം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ തിരഞ്ഞെടുപ്പ് നടക്കുന്ന വാർഡുകളിൽ **2015 നവംബർ 02-ാം തീയതി തിങ്കളാഴ്ചയും** പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലെ തിരഞ്ഞെടുപ്പ് നടക്കുന്ന വാർഡുകളിൽ **2015 നവംബർ 05-ാം തീയതി വ്യാഴാഴ്ചയും** ആവശ്യമുള്ളപക്ഷം വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയായും;

(ഇ) **2015 നവംബർ 17-ാം തീയതി (ചൊവ്വ)** തിരഞ്ഞെടുപ്പ് പൂർത്തിയാക്കേണ്ട അവസാന തീയതിയായും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ നിശ്ചയിക്കുന്നു.

**ഒപ്പ്**
**കെ. ശശിധരൻ നായർ**
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

## വിജ്ഞാപനം

നമ്പർ: 154/2015/സം.തി.ക. തീയതി, തിരുവനന്തപുരം, 2015 ഒക്ടോബർ 07

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം (1994-ലെ 20-ാം നിയമം) 126-ാം വകുപ്പനുസരിച്ച്, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2015 ഒക്ടോബർ 07-ാം തീയതിയിലെ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 153/2015/സം.തി.ക നമ്പർ വിജ്ഞാപനമനുസരിച്ച് സംസ്ഥാനത്തെ മട്ടന്നൂർ ഒഴികെയുള്ള മുനിസിപ്പാലിറ്റികളിലേക്കും, മുനിസിപ്പൽ കോർപ്പറേഷനുകളിലേക്കും നടത്തേണ്ട തിരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് ആവശ്യമുള്ള പക്ഷം അത് നടത്തുന്നതിനുള്ള സമയം രാവിലെ 7 മണിമുതൽ വൈകുന്നേരം 5 മണിവരെയായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ നിശ്ചയിക്കുന്നു.

ഒപ്പ്
കെ. ശശിധരൻ നായർ
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33